ഗ്രാമ ന്യായാലയ, ശ്രീകൃഷ്ണപുരം

**ഹാജർ : രജിത കെ ആർ, എം.കോം, എൽ.എൽ.ബി**

**ന്യായാധികാരി**

2026 ഫെബ്രുവരി മാസം 07 ആം തിയ്യതി, ശനി

ശകവർഷം 1947, മാഘം മാസം 18 ആം തിയതി

**സി.എം.പി No.92/2025 In ST. 5/2021**

**(ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ: 151/2020)**

| | |
|---|---|
| ഹർജിക്കാരൻ | അനീഷ് വയസ്സ് 46, S/o അഹമ്മദ് കുട്ടി, കട്ടരാൻ വീട്, പന്നിപ്പാറ പോസ്റ്റ്, പെരിന്തൽമണ്ണ ഏറനാട് താലൂക്ക് മലപ്പുറം ജില്ല.<br>(അഡ്വ: കെ ആർ പ്രദീപ് ) |
| എതിർകക്ഷി | സ്റ്റേറ്റ് റെപ്രെസെന്റഡ് ബൈ സ്റ്റേഷൻ ഹൗസ് ഓഫീസർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ<br>(റെപ്രെസെന്റഡ് ബൈ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ) |
| വകുപ്പ് | ഇന്ത്യൻ ശിക്ഷ നിയമം 379 വകുപ്പ് പ്രകാരവും, 20 r/w 23 ഓഫ് കെപിആർബി & ആർആർഎസ് ആക്ട്. |
| ഉത്തരവ് | അനുവദിച്ചു |

## ഉത്തരവ്

വാഹനത്തിൻ്റെ കസ്റ്റഡി ആവശ്യപ്പെട്ടുകൊണ്ട് ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, 2023 ന്റെ 497 വകുപ്പ പ്രകാരമാണ് ഈ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ക്രൈം നമ്പർ 151/2020പ്രകാരം രജിസ്ട്രേഷൻ നമ്പർ KL-14-F-1375 ഐച്ചർ ടിപ്പർ എന്ന വാഹനം ബന്തവസ്സിൽ എടുത്ത് PR നമ്പർ 4/2020 ആയി ഈ കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. വാഹനം ഇപ്പോൾ പോലീസ് സ്റ്റേഷൻ പരിസരത്ത് കാലാവസ്ഥ പ്രതിസന്ധികൾക്ക് വിധേയമായി സൂക്ഷിച്ചിരിക്കുകയാണ്. ടി വാഹനത്തിന്റെ ആർ സി ഓണറും മേൽ നമ്പർ കേസിലെ രണ്ടാം പ്രതിയുമായ ഉമേഷ് കുമാർ എന്നവരിൽ നിന്നും 19/02/2019 തിയതി വാഹന വിൽപന കരാർ പ്രകാരം

ഹർജിക്കാരൻ തീരു വാങ്ങിയിട്ടുള്ളതുമാണ്. ഇത് ഹർജിക്കാരന് വിട്ടുനൽകാത്ത പക്ഷം, മഴയും വെയിലും മൂലം വാഹനത്തിന് ഗുരുതരമായ കേടുപാടുകൾ സംഭവിക്കുകയും അതിന്റെ മൂല്യവും ഉപയോഗയോഗ്യതയും നഷ്ടപ്പെടുകയും ചെയ്യുമെന്ന് ഹർജിയിൽ പറയുന്നു.

2. ആദരണീയനായ A P P ക്ക് നോട്ടീസ് നൽകി. ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചു. വാഹനം പ്രതിക്ക് വിട്ടു നൽകുന്നത് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രചോദനം ആവും എന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടാതെ വാഹനത്തിന്റെ ഉടമസ്ഥതയുടെ കാര്യത്തിൽ അവ്യക്തത ഉണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ആദരണീയനായ APP ഈ അപേക്ഷയ്ക്കെതിരെ സാരമായ എതിർപ്പ് ഉന്നയിച്ചിട്ടില്ല.

3. ഒറ്റപ്പാലം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മുകളിൽ പറഞ്ഞ വാഹനത്തിന് ₹55,000/- (അൻപത്തിഅയ്യായിരം) രൂപ വില കണക്കാക്കി ഒരു മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് .

4. ഇരുഭാഗവും കേട്ടു. രേഖകൾ പരിശോധിച്ചു.

5. ഇന്ത്യൻ ശിക്ഷ നിയമം 379 വകുപ്പ് പ്രകാരവും, 20 R/W 23 ഓഫ് കെപിആർബി & ആർആർഎസ് ആക്ട് പ്രകാരമുള്ള കുറ്റങ്ങൾ ആണ് മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരേ ചുമത്തിയിരിക്കുന്നത്. ടി വാഹനത്തിന്റെ ആർസി ബുക്കിന്റെ പകർപ്പ്, വാഹന വിൽപ്പന കരാർ ഉടമ്പടി അസ്സലും ഹർജിക്കാരൻ ഹാജരാക്കി. ഭാരതീയ നഗരിക്ക് സുരക്ഷ സംഹിതയുടെ 497 വകുപ്പ് പ്രകാരം കേസ്

പരിഗണനയിൽ തുടരുന്ന സമയത്ത് കോടതിക്ക് എല്ലാ വസ്തുതകളും പരിഗണിച്ച ശേഷം സ്വത്ത് സംരക്ഷിക്കപ്പെടുന്നതിനായി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരമുണ്ട്. വാഹനത്തിന്റെ രജിസ്റ്റേർഡ് ഓണർ ആയ ഉമേഷ് കുമാർ കോടതിയിൽ അഭിഭാഷകൻ മുഖേന വാഹനം ഹർജിക്കാരന് വിട്ടു നൽകുന്നതിൽ യതൊരു ആക്ഷേപവും ഇല്ല എന്ന് കാണിച്ചു കൊണ്ട് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുള്ളതാണ്. ഈ ഘട്ടത്തിൽ വാഹനത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് അന്തിമമായ യാതൊരു കണ്ടെത്തലും രേഖപ്പെടുത്തുന്നില്ല. എന്നിരുന്നാലും, ഹർജിക്കാരൻ ഹാജരാക്കിയ വിൽപനകരാറും (Sale Agreement) രജിസ്റ്റർഡ് ഉടമ ആയ ഉമേഷ് കുമാർ സമർപ്പിച്ച എതിർപ്പില്ലെന്ന പ്രസ്താവനയും (No Objection Statement) പരിഗണിക്കുമ്പോൾ, വാഹനത്തിന്റെ ഇടക്കാല കസ്റ്റഡി ഹർജിക്കാരന് നൽകുന്നത് നീതിയുടെയും സൗകര്യത്തിന്റെയും തുലനത്തിനും, വാഹനത്തിന്റെ മൂല്യം സംരക്ഷിക്കുന്നതിനും സഹായകരമാണെന്ന് ഈ കോടതി പ്രാഥമികമായി സംതൃപ്തമാണ്. കേസിന്റെ അന്തിമ പരിഗണനയ്ക്കു വിധേയമായും, ആവശ്യമായ സുരക്ഷാ വ്യവസ്ഥകൾ ഏർപ്പെടുത്തിയും, ഹർജിക്കാരന് വാഹനത്തിന്റെ ഇടക്കാല കസ്റ്റഡി നൽകുന്നതിലൂടെ യാതൊരു അനീതിയും ഉണ്ടാകില്ലെന്ന് ഈ കോടതി പ്രാഥമിക പരിശോധനയിൽ കണ്ടെത്തുന്നു. അതിനാൽ, നീതിയുടെയും സൗകര്യത്തിന്റെയും തുലനം കണക്കിലെടുത്ത്, ഹർജിക്കാരന് KL-14-F-1375 രജിസ്ട്രേഷൻ നമ്പറുള്ള വാഹനത്തിന്റെ ഇടക്കാല കസ്റ്റഡി നൽകുന്നതാണ് ഉചിതമെന്ന് കണ്ടെത്തുന്നു. എന്നാൽ ടി വാഹനത്തിൽ മണൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതു ഹർജിക്കാരന് വിട്ടു നല്കിയിട്ടില്ലാത്തതാണ്.

ആകയാൽ, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഹർജി അനുവദിച്ചിരിക്കുന്നു.

1) ഹർജിക്കാരൻ AMVI നിശ്ചയിച്ച വാഹനത്തിന്റെ മൂല്യത്തിന്റെ 30% ആയ ₹16,500 /- രൂപ കോടതിയിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

2) ₹38,500/-ന് തുല്യമായ തുകയ്ക്കായി ഹർജിക്കാരൻ ബാങ്ക് ഗ്യാരണ്ടിയോ അസ്ഥിര സ്വത്തോ സെക്യൂരിറ്റി ആയി ഹാജരാക്കേണ്ടതാണ്.

3) വാഹനത്തിന്റെ ഒർജിനൽ ആർ സി ബുക്കും, valid ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്കായി ഹർജിക്കാരൻ ഹാജരാക്കുകയും കോടതിയിൽ സൂക്ഷിക്കുന്നതിനായി ഹർജിക്കാരൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

4) വാഹനത്തിന്റെ ഫോട്ടോകൾ ഹർജിക്കാരൻ തന്നെ സാക്ഷ്യപ്പെടുത്തി കോടതിയിൽ ഹാജരാക്കേണ്ടതാണ്.

5) കോടതിയുടെ അനുമതിയില്ലാതെ ഹർജിക്കാരൻ വാഹനത്തിൽ മാറ്റം വരുത്താനോ, നശിപ്പിക്കാനോ, വിൽക്കാനോ പാടില്ലാത്തതാണ് .

6) കോടതിയോ, അന്വേഷണ ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ ഹർജിക്കാരൻ വാഹനം ഹാജരാക്കേണ്ടതാണ്.

7) വാഹനം മറ്റ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാൻ പാടില്ലാത്തതാണ് .

8) ഈ വാഹനത്തിന്റെ വിട്ടുകൊടുക്കൽ confiscation proceedings ൽ എടുക്കുന്ന അന്തിമ ഉത്തരവിന് വിധേയമായിരിക്കും.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ആയത് എന്നാൽ ശരിയാക്കപ്പെട്ടിട്ടുള്ളതും 2026 ഫെബ്രുവരി മാസം 07തിയതി, തുറന്ന കോടതിയിൽ വിധി പ്രഖ്യാപിച്ചിട്ടുള്ളതും ആകുന്നു).

ഒപ്പ്

**ന്യായാധികാരി**

**ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയ**

//ശരി പകർപ്പ് //

**ന്യായാധികാരി**

**ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയ**